ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 271-ാം ദിവസം

ജൻമകർമ്മാഭിധാനാനി സന്തി മേ*f*ങ്ഗ സഹസ്രശ:
നശക്യന്തേ*f*നു സംഖ്യാതുമനന്തത്വാൻമയാപിഹി (10-51-37)
ക്വചിദ്ര ജാംസി വിമമേ പാർത്ഥിവാന്യുരുജൻമഭി:
ഗുണകർമ്മാഭിധാനാനി ന മേ ജൻമാനി കർഹിചിത് (10-51-38)

*ശുകമുനി തുടർന്നു:*
കൃഷ്ണൻ കോട്ടയ്ക്കുള്ളിൽ നിന്നു പുറത്തു വന്നപ്പോൾ കാലയവനൻ കൃഷ്ണനെ ദ്വന്ദയുദ്ധത്തിന് വെല്ലു വിളിച്ചു. കൃഷ്ണൻ നിരായുധനായതിനാൽ യവനനും ആയുധങ്ങൾ വലിച്ചെറിഞ്ഞു. എന്നിട്ട് കൃഷ്ണനെ പിടിക്കാൻ ചെന്നു. കൃഷ്ണൻ ഓടാനും തുടങ്ങി. എപ്പോഴും യവനന് പിടികൊടുക്കും എന്ന മട്ടിൽ ഓടി യോടി കൃഷ്ണൻ ഒരു ഗുഹയ്ക്കുള്ളിൽ പ്രവേശിച്ചു. കാലയവനൻ കൃഷ്ണനു പിറകേ പരിഹാസം ചൊരിഞ്ഞുകൊണ്ട് നിന്ദിച്ചു. 'ശത്രുവിൽ നിന്നും നീ ഓടിമാറുന്നതെന്താണ്?' ഗുഹയിൽ ആരോ കിടന്നുറ ങ്ങുന്നതു കണ്ട കാലയവനൻ അതു കൃഷ്ണനാണെന്ന് തെറ്റിദ്ധരിച്ച് അയാളെ തൊഴിച്ചു. ഉറങ്ങിക്കിടന്നയാൾ ഉണർന്ന് ഒരൊറ്റ നോട്ടം കൊണ്ട് യവനനെ ഭസ്മമാക്കി.

അത് മുചുകുന്ദനായിരുന്നു. മാന്ഥാതാൻെറ മകൻ. അയാൾ ദേവൻമാരെ ഏറെക്കാലം കണ്ണിമ പൂട്ടാതെ സംരക്ഷിച്ചു. പിന്നീട് ശിവകുമാരനായ ഗുഹൻ -സുബ്രഹ്മണ്യൻ- ദേവസൈന്യാധിപൻ ആയപ്പോൾ ദേവൻമാർ മുചുകുന്ദനെ ജോലിയിൽ നിന്നും ഒഴിവാക്കി. അവനോട് എന്ത് വരമാണ് വേണ്ടതെന്നാരാഞ്ഞു. മുചുകുന്ദന് ആരുടെയും തടസ്ഥം കൂടാതെ ഉറങ്ങണമെന്നായിരുന്നു ആഗ്രഹം. ദേവൻമാർ വരം നൽകി. മുചുകുന്ദൻെറ നിദ്രക്ക് ഭംഗം വരുത്തുന്നവനാരായാലും അവൻ ചാരമായി പോകുമെന്നും അവർ പ്രഖ്യാപിച്ചു. അങ്ങിനെയാണ് കാലയവനൻെറ അന്ത്യം സംഭവിച്ചത്.

അൽപ സമയം കഴിഞ്ഞപ്പോൾ കൃഷ്ണൻ മുചുകുന്ദനു മുന്നിൽ പ്രത്യക്ഷനായി. ഭഗവാനെ മുന്നിൽക്കണ്ട് മുചുകുന്ദൻ ഹർഷപുളകിതനായി. ഭഗവാൻ ദിവ്യതയുടെ അവതാരം തന്നെയെന്ന് മുചുകുന്ദൻ അന്ത:ർ ജ്ഞാനം കൊണ്ട് മനസ്സിലാക്കിയിരുന്നു. അദ്ദേഹം ഭഗവാനോട് ചോദിച്ചു. "സൂര്യചന്ദ്രൻമാരുടെയും അഗ്നിയുടെയും പ്രഭയെ വെല്ലുന്നതത്രെ അവിടുത്തെ പ്രഭ. അങ്ങ് വിഷ്ണുവിൻെറ അവതാരമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ദയവുചെയ്ത് ഇപ്പോൾ അവിടുന്ന് ഏതു കുലത്തിൽ പിറന്നിരിക്കുന്നുവെന്നും അവിടുത്തെ മഹനീയ കൃത്യങ്ങൾ എന്തൊക്കെയെന്നും പറഞ്ഞു തന്നാലും." അദ്ദേഹം കൃഷ്ണനോട് തൻെറ കഥ മുഴുവൻ പറഞ്ഞു. എങ്ങിനെയാണ് ഗുഹയിൽ കിടന്നുറങ്ങാനിടയായതെന്നും കാലയവനൻ എരിഞ്ഞു പോയതെന്നും മുചുകുന്ദൻ വിശദീകരിച്ചു.

*ഭഗവാൻ പറഞ്ഞു:* "മകനേ, എൻെറ അവതാരങ്ങളും ചെയ്തികളും എണ്ണിയാലൊടുങ്ങാത്തവയത്രേ. എനിക്കു പോലും അവ എണ്ണാനാവില്ല. ഒരാൾക്ക് ലോകത്തിലെ മൺപൊടികളുടെ എണ്ണമെടുക്കാൻ കഴിഞ്ഞുവെന്നിരിക്കും. എന്നാൽ എൻെറ അവതാരങ്ങളെ എണ്ണുക അസാദ്ധ്യം. എൻെറ ഗുണഗണങ്ങളും ചെയ്തികളും അപ്രകാരം തന്നെ. എന്നാൽ എൻെറ ഇപ്പോഴത്തെ അവതാരമെന്തെന്ന് പറയാം. ബ്രഹ്മാവിനെ പൂജിച്ചതിൻെറ ഫലമായി ഞാൻ വസുദേവപുത്രനായി ജനിച്ചു. കംസനടക്കം പല ദുഷ്ടരെയും ഞാൻ വധിച്ചു. വാസ്തവത്തിൽ കാലയവനനെയും നിൻെറ കണ്ണിലെ തീവ്രതയിലൂടെ വധിച്ചത് ഞാൻ തന്നെയാണ്. ഞാൻ അങ്ങിനെ തീരുമാനിച്ചതാണ്. നീ പണ്ട് കാലത്ത് ഭക്തിപുരസ്സരം എന്നെ തേടിയിരുന്നു. അതിനാലാണ് ഇപ്പോൾ നിൻെറ മുന്നിൽ നിൽക്കുന്നത്. നിനക്കെന്തു വരമാണു വേണ്ടത്?"

അങ്ങിനെ ഭഗവാൻ സംസാരിക്കേ ഭക്തശിരോമണിയായ മുചുകുന്ദൻ ഇങ്ങിനെ പ്രാർത്ഥിച്ചു.: